മഞ്ചേരിയിൽ ടി.എച്ച്.എസ്.-ന്റെ സ്ഥലം ഫയർസ്റ്റേഷനായി വിട്ടുനൽകുന്നത്

91 (1118). ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ ടി.എച്ച്.എസ്.-ന്റെ സ്ഥലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) പ്രസ്തുതവിഷയത്തിൽ 13732/J1/എച്ച്.ഇഡി./2015, ഡി.4/48423/14/ഡി.റ്റി.ഇ. എന്നീ ഫയലുകളിന്മേൽ നടപടി വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) നടപടികൾ പൂർത്തീകരിച്ച് ഫയർ സ്റ്റേഷന് സ്ഥലം വിട്ടുനൽകുന്ന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത ഫയലിൽ നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്.

(ബി&സി) മഞ്ചേരിയിൽ ടി.എച്ച്.എസ്.-ന്റെ സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വിട്ടുനൽകുന്നതിലേയ്ക്കായി 4-6-2015 തീയതിയിലെ G.O. (Ms.) No. 235/2015/H.Edn. പ്രകാരം ഉത്തരവായിട്ടുണ്ട്.

സ്കൂളുകളുടെ അംഗീകാരം

92 (1119) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം മറയാക്കി എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(ബി) അനധികൃതമായി പ്രവർത്തിച്ചുവന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(സി) അംഗീകാരം നൽകിയ ഏതെങ്കിലും സ്കൂൾ മാനേജ്മെന്റ് സർക്കാർ അംഗീകരിച്ച ശമ്പളം അദ്ധ്യാപകർക്ക് നൽകുന്നുണ്ടോ ; ഇത് ഉറപ്പാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കാമോ ;

(ഡി) മൂന്ന് ഏക്കറിലധികം സ്ഥലം ഇല്ലാത്ത ഏതെങ്കിലും സ്കൂളിന് അംഗീകാരം നൽകിയിട്ടുണ്ടോ ; സ്ഥലമുണ്ടെന്ന് ഉറപ്പുവരുത്തിയതെങ്ങനെയെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആദ്യഘട്ടത്തിലേതിനുപുറമെ ഏതാനും സ്കൂളുകൾക്ക്കൂടി അംഗീകാരം നൽകുന്നതിന് ഡി.പി.ഐ.യിൽനിന്നും പ്രൊപ്പോസൽ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തീരുമാനത്തെ തുടർന്ന് എത്ര സ്കൂളുകൾ അടച്ചുപൂട്ടേണ്ടതായിവരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ വിശദമായ പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്ന 308 സ്കൂളുകൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 10-6-2013-ലെ സ.ഉ.(കൈ.) നമ്പർ 184/13/പൊ.വി.വ. പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് അംഗീകാരത്തിനുള്ള അർഹത നിർണ്ണയിച്ചത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ശമ്പളം അദ്ധ്യാപകർക്ക് നൽകണമെന്നുള്ളത് മാനദണ്ഡങ്ങളിലെ ഒരു വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയത് നൽകാമെന്ന് സ്കൂൾ മാനേജർമാർ 100 രൂപ മുദ്രപത്രത്തിൽ ഡിക്ലറേഷൻ അംഗീകാരത്തിനായുള്ള അപേക്ഷയോടൊപ്പം നൽകിയിട്ടുണ്ട്.

(ഡി) അംഗീകാരം ഇല്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കെ.ഇ.ആർ.-ൽ വ്യവസ്ഥ ചെയ്യുന്ന സ്ഥലപരിധിയാണ് ആവശ്യമായത്. ഹൈസ്കൂളിന് 3 ഏക്കറും എൽ.പി. ആന്റ് യു.പി. സ്കൂളുകൾക്ക് 1 ഏക്കറും ആവശ്യമാണ്. 10-6-2013-ലെ സ.ഉ. (കൈ.) നമ്പർ 184/2013/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡപ്രകാരം 1-6-2012-ന് 10 വർഷത്തെ പ്രവർത്തനം പൂർത്തീകരിച്ച സ്കൂളുകൾക്ക് മേൽ പരാമർശം സ്ഥല പരിമിതിയിൽ ഇളവ് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സ്ഥലം സംബന്ധിക്കുന്ന രേഖകളും ഹാജരാക്കിയിട്ടുണ്ട്.

(ഇ) ആദ്യഘട്ടത്തിലേതിനുപുറമേ മാനദണ്ഡങ്ങൾ പാലിക്കുന്ന മറ്റ് സ്കൂളുകൾക്കുകൂടി അംഗീകാരം നൽകുന്നതിനുള്ള ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്ന് ലഭ്യമായിട്ടുണ്ട്. അംഗീകാരത്തിന് അർഹമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടപ്പെടുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly